ഓട്ടംതുള്ളൽ

## ഉത്സവപിറ്റേന്ന്!

ജോൺ ഇളമത.

മാമാങ്കത്തിൽ കേട്ടതു മോശം
മലയാളികളുടെ നെറിയുടെ നാറ്റം
വന്നവരൊക്കെ പൊങ്ങമ്മാരായി
ആടുകളെ പട്ടികളാക്കി
പട്ടികളെ ആടുകളാക്കി
മദ്യമൊഴുകി അരമനതോറും
വിദ്യകളനവധി പയറ്റും വമ്പർ!

ബാങ്ക്വറ്റ്ഹാളിൽ വമ്പർ നിരന്നു
വായ്താളമതങ്ങനെ ഒഴുകി
ജാഡയിലെത്തി സിനിമാസീരിയൽ
ജാള്യതമന്യേ വീമ്പുമുഴക്കി

മാധ്യമ ചർച്ചയും,മതസൗഹാർദ്ദവും
കോട്ടംകടാതെ നടന്നു
സാഹിത്യവും,സുവനീറും
സംസ്ക്കരത്തിൻ വിഴുപ്പുകളായി
അക്ഷരമറിത്തവരമരക്കാരായി
സരസ്വതിയെ കുപ്പിയിലാഴ്ത്തി

നേതാക്കന്മാരെ ചുറ്റി
സിനിമാക്കാരെ ചുറ്റി
ഈച്ചപറക്കും പോലെ
നടക്കും കൂട്ടർ
തോളിൽ കയ്യിട്ടൊരു ഫോട്ടോ
എടുക്കും കൂട്ടർ
എവിടയുമങ്ങനെ ചില ചുറ്റിക്കളികൾ!

ആനകളൊന്നാകാൻ
ആഹ്വാനം കേട്ടുതുടങ്ങി
എവിടെ നടക്കാൻ?
കസേരകളില്ലാത്ത കസേരകളി
എവിടെ നടക്കാൻ!!